# ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ്

**വളാഞ്ചേരി**

എട്ടാമത് ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ് ജൂലൈ രണ്ടിന് ഇരിമ്പിളിയം എംഇഎസ് എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. ത്രോബോൾ അസോസിയേഷന്റെ www.throwballkerala.com എന്ന സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ പങ്കെടുക്കാൻ സാധിക്കൂ. ഓപ്പൺ സെലക്ഷൻ ഇല്ല. ജൂലൈ എട്ട്, ഒമ്പത് തീയതികളിൽ കോഴിക്കോട് നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ചാമ്പ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്ന് തെരഞ്ഞെടുക്കും. ഫോൺ: 8590806050.

ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പ്

# മാർത്തോമാ എച്ച്എസ്എസ്സും വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ്സും ചാമ്പ്യൻമാർ

**കോട്ടക്കൽ**

എട്ടാമത് മലപ്പുറം ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മാർത്തോമാ എച്ച്എസ്എസ്സും പെൺകുട്ടികളുടെ വിഭാഗത്തിൽ കെഎച്ച്എംഎച്ച്എസ്എസ് വാളക്കുളവും ചാമ്പ്യൻമാർ. ആൺകുട്ടികളിൽ ജിഎംഎച്ച്എസ്എസ് സ്പോർട്സ് ക്ലബ്ബും കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയും യഥാക്രമം രണ്ടും മൂന്നും സ്ഥാനം നേടി. മികച്ച താരങ്ങളായി മാർത്തോമാ എച്ച്എസ്എസിലെ മുഹമ്മദ് അൻസിഫിനെയും കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയിലെ ഫാത്തിമ റിഫയെയും തെരഞ്ഞെടുത്തു. ചാമ്പ്യൻഷിപ്പ് ജില്ലാ ത്രോബോൾ അസോസിയേഷൻ പ്രസിഡന്റ് ഡോ. ടി എം മൻസൂർ അലി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ കെ ടി അബ്ദുൽ ലത്തീഫ്, അസോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് പി വിപിൻ എന്നിവർ സമ്മാനദാനം നിർവഹിച്ചു. ഡോ. ഷമീം പാറശ്ശേരി, ടി ബദറുദ്ദീൻ അലി, യഹ്‌യ കുന്നാരി, അനിൽ, അരുൺ, അഫ്‌ല ഷെറിൻ എന്നിവർ സംസാരിച്ചു.



ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യൻമാരായ കെഎച്ച്എംഎച്ച്എസ്എസ് വാളക്കുളം സ്കൂൾ ടീം

# ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ്

**വളാഞ്ചേരി:** എട്ടാമത് ജില്ല സബ് ജൂനിയർ ത്രോബാൾ ചാമ്പ്യൻഷിപ് ജൂലൈ രണ്ട് ഞായറാഴ്ച ഇരിമ്പിളിയം എം.ഇ.എസ്.എച്ച്.എസ്.എസ് ഗ്രൗണ്ടിൽ നടക്കും. ത്രോബാൾ അസോസിയേഷന്റെ www.throwballkerala.com സൈറ്റിൽ രജിസ്റ്റർ ചെയ്ത ടീമുകൾക്കും കളിക്കാർക്കും മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ. ഓപൺ സെലക്ഷൻ ഉണ്ടായിരിക്കുന്നതല്ല. 2009 ജനുവരി ഒന്നിനുശേഷം ജനിച്ചവർക്ക് മാത്രമേ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ സാധിക്കുകയുള്ളൂ.

ജൂലൈ എട്ട്, ഒമ്പത് തീയതികളിൽ കോഴിക്കോട് നടക്കുന്ന സംസ്ഥാന സബ് ജൂനിയർ ചാമ്പ്യൻഷിപ്പിനുള്ള മലപ്പുറം ജില്ല ടീമിനെ ഈ ചാമ്പ്യൻഷിപ്പിൽനിന്ന് തിരഞ്ഞെടുക്കും. ഫോൺ: 8590806050.

മാധ്യമം

# സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്

കോട്ടയ്ക്കൽ ● ജില്ലാ സബ് ജൂനിയർ ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമ്മാ എച്ച്എസ്എസും പെൺകുട്ടികളുടെ വിഭാഗത്തിൽ വാളക്കുളം കെഎച്ച്എംഎച്ച്എസ്എസ് സ്പോർട്സ് അക്കാദമിയും ചാംപ്യന്മാരായി. ജില്ലാ ത്രോബോൾ പ്രസിഡന്റ് ഡോ. ടി.എം. മൻസൂർ അലി ഉദ്ഘാടനം ചെയ്തു. കെ.ടി.അബ്ദുൽ ലത്തീഫ് പി.വിബിൻ, ഷമീം പാറശ്ശേരി, ടി.ബദറുദ്ദീൻ അലി, യഹ്‌യ കൂനാരി എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ചാംപ്യൻഷിപ്പിനുള്ള ജില്ലാ ടീമിനെ തിരഞ്ഞെടുത്തു.

# ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പ്

സിറാജ്



ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ചാമ്പ്യന്മാരായ കെ എച്ച് എം എസ് എസ് എസ് വാളക്കുളം

തിരൂരങ്ങാടി | കെ എച്ച് എം എച്ച് എസ് എസ് സ്കൂളിൽ നടന്ന എട്ടാമത് ജില്ലാ സബ് ജൂനിയർ ത്രോ ബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ മാർത്തോമാ എച്ച് എസ് എസും പെൺകുട്ടികളുടെ വിഭാഗത്തിൽ കെ എച്ച് എം എസ് എസ് എസ് വാളക്കുളവും ചാമ്പ്യന്മാരായി.

ജില്ലാ ത്രോ ബോൾ പ്രസിഡന്റ് ഡോ. ടി എം മൻസൂർ അലി ഉദ്ഘാടനം ചെയ്തു.

പ്രധാനധ്യാപകൻ കെ ടി അബ്ദുൽ ലത്വീഫ്, അസ്സോസിയേഷൻ സീനിയർ വൈസ് പ്രസിഡന്റ് പി വിപിൻ സമ്മാനദാനം നിർവഹിച്ചു. ഡോ. ടി ശമീം പറശ്ശേരി, ടി ബദ്റുദ്ദീൻ അലി പങ്കെടുത്തു